എച്ച്. ദിനേശൻ. ഐ.എ.എസ്.
ഡയറക്ടർ

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
പബ്ലിക് ഓഫീസ്
വികാസ്ഭവൻ പി.ഒ.
തിരുവനന്തപുരം. 695 033


തീയതി...........22.01.2019...........

## അഭിനന്ദന പത്രം

വികേന്ദ്രീകൃതാസൂത്രണം രണ്ട് ദശാബ്ദം പിന്നിടുമ്പോൾ നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സുതാര്യതയും കാര്യക്ഷമതയും വർധിപ്പിച്ച് സദ്ഭരണം ഉറപ്പുവരുത്തി പൊതുജനങ്ങൾക്ക് സേവനം അതിവേഗം ലഭ്യമാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതിൻറെ ഭാഗമായി കൊല്ലം ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിന്റെ നേതൃത്വത്തിൽ ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളെയും സദ്ഭരണ പഞ്ചായത്തുകളായി പ്രഖ്യാപിക്കുകയും സംശുദ്ധഭരണം കാഴ്ചവെയ്ക്കുന്നതിന് വഴികാട്ടി ആകുന്ന 'ജാലകം 2019' എന്ന ചെറുഗ്രന്ഥം പ്രസിദ്ധീകരിക്കുകയും ചെയ്തിരിക്കുന്നു . തദ്ദേശ സ്വയംഭരണത്തിന്റെ അറിവനുഭവങ്ങൾ ഉചിതമായി സമ്മേളിക്കുന്ന ഈ പുസ്തകത്തിൽ തദ്ദേശഭരണപ്രക്രിയ ലളിതവും സുതാര്യവും സമഗ്രവുമാക്കാനുതകുന്ന എല്ലാം ഉൾചേർത്തിരിക്കുന്നു. ജീവനക്കാർക്കും ഭരണസമിതിക്കും നിത്യോപയോഗമായ ചട്ടങ്ങളും ഉത്തരവുകളും നടപടിക്രമങ്ങളും അനുബന്ധ വിജ്ഞാനങ്ങളും മാത്രമല്ല പൊതുജനങ്ങൾക്ക്പ്രയോജനപ്രദമായ വിവരങ്ങളെല്ലാം എളുപ്പം ഗ്രഹിക്കത്തക്കവിധം ഇതിൽ പ്രതിപാദിച്ചിരിക്കുന്നു . ഭരണയന്ത്രത്തെ ചലനാത്മകമാക്കി പൗരസമൂഹത്തിന്റെ ക്ഷേമ-വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാൻ ഈ ചെറുഗ്രന്ഥം പര്യാപ്തമാണെന്ന് നിസ്സംശയം പറയാം. തദ്ദേശസ്ഥാപനങ്ങൾ അല്പമായെങ്കിലും ഇന്നു നേരിടുന്ന ഏകീകൃത സ്വഭാവമില്ലായ്മ പരിഹരിക്കുന്നതിനുള്ള മഹത്തായൊരു ചുവടുവെയ്പ്പ് കൂടിയാണിത്. അഴിമതിരഹിതവും കാര്യക്ഷമവുമായൊരു ജനകീയതദ്ദേശഭരണത്തിന് ഈ പുസ്തകം വഴിവിളക്കാവും. ജില്ലയിലെ എല്ലാ പഞ്ചായത്തുകളും ഇതിലെ വിവരങ്ങൾ യഥാവിധി ഉപയോഗപ്പെടുത്തുമെന്നും മറ്റു ജില്ലകൾക്ക് ഇത് മാതൃകയായിതീരുമെന്നും കരുതുന്നു. ഈ അക്ഷരോപഹാരമൊരുക്കിയ കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും ജീവനക്കാർക്കും ഇതിനായി പ്രവർത്തിച്ച എല്ലാ സുമനസ്സുകൾക്കും പഞ്ചായത്ത് വകുപ്പിന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ

22/1/19.

എച്ച്. ദിനേശൻ ഐഎഎസ്
പഞ്ചായത്ത് ഡയറക്ടർ


ഫോൺ. നം 0471-2323286 (O) ഫാക്സ് - 0471 - 2323286, വെബ്സൈറ്റ് : lsgkerala.gov.in,

ഇ-മെയിൽ : directorofpanchayat@gmail.com